## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 658

10/07/2014ൽ മറുപടിയ്ക്ക്

### മരുന്നുകളുടെ കൃത്രിമക്ഷാമം തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ വിജയൻ<br>ശ്രീ. പി തിലോത്തമൻ<br>ശ്രീ. വി ശശി<br>ശ്രീ. ജി. എസ്.ജയലാൽ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വിലനിയന്ത്രണത്തിന്റെ പട്ടികയിൽപ്പെട്ട ബഹുരാഷ്ട്ര കമ്പനികളുടെ മരുന്നുകൾക്ക് കൃത്രിമക്ഷാമം ഉണ്ടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് മരുന്ന വിതരണം നടത്തുന്ന ചുരുക്കം ചില നിർമ്മാതാക്കളുടെ മരുന്നുകൾക്ക് വിപണിയിൽ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾക്ക് സമാനമായ മറ്റ നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ സുലഭമായി ലഭ്യമായതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. |
| (ബി) രോഗികൾക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ വിപണിയിൽ നിന്നും അപ്രത്യക്ഷമായിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) വില നിയന്ത്രണത്തിന്റെ പട്ടികയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിനു വേണ്ടി വിപണിയിൽ സൃഷ്ടിച്ചിട്ടുള്ള മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസിൽ ഉൾപ്പെട്ട മരുന്നുകളുടെ വില നിയന്ത്രിച്ച് നാഷണൽ ഫാർമസി പ്രൈസിംഗ് അതോറിറ്റി, ഡ്രഗ്സ് (പ്രൈസ് കൺട്രോൾ) ഉത്തരവ് 2013 ന്റെ അടിസ്ഥാനത്തിൽ ഉത്തരവുകൾ ഇറക്കാറുണ്ട്. ഇപ്രകാരം വില നിയന്ത്രിതമരുന്നുകളുടെ നിർമ്മാണം നിർത്തിവെയ്ക്കുന്നത് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം കുറ്റകരമാണ്. പ്രസ്തുത ഉത്തരവിനെതിരായി പ്രവർത്തിക്കുന്ന നിർമ്മാതാക്കൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ